CZ/B1/5816/16(B)

കോഴിക്കോട് നഗരസഭ
ചെറുവണ്ണൂർ-നല്ലളം സോണൽ ഓഫീസ്
തിയ്യതി: 30.10.2021

# ലേലം/ടെണ്ടർ നോട്ടീസ്

## നിബന്ധനകൾ

1. കോഴിക്കോട് നഗരസഭ ചെറുവണ്ണൂർ-നല്ലളം മേഖലാ ഓഫീസ് പരിധിയിലുള്ള താഴെ കാണിച്ച കെട്ടിടമുറികൾ/സ്ഥലങ്ങൾ ലേലം/ടെണ്ടർ മുഖാന്തരം ലൈസൻസ് ഫീ വ്യവസ്ഥയിൽ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിടം | മുറി | ഫയൽ നമ്പർ | ലേലം / പുനർലേലം |
|---|---|---|---|---|
| 1 | ചെറുവണ്ണൂർ വാണിജ്യ കേന്ദ്രം | രണ്ടാം നില | | ലേലം |
| 2 | അരീക്കാട് വാണിജ്യ കേന്ദ്രം | 8,19 | B1/2978/13, B1/9972/14 | പുനർ ലേലം |
| 3 | വനിതാ വ്യവസായ കേന്ദ്രം, റഹ്മാൻ ബസാർ | 4 | B1/5816/16(3) | ലേലം |
| 4 | വനിതാ വ്യവസായ കേന്ദ്രം, ജയന്തി റോഡ് | 2,3,4,5 | B1/2929/15, B1/3083/15, B1/3083/15, B1/3209/15 | ലേലം |
| 5 | മധുര ബസാർ | നിലവിലെ ഷെഡും,സ്ഥലങ്ങളും | B1/4538/21 | ലേലം |

**ലേല തിയ്യതി** :...25.11.2021

**സമയം** : ......11.30 AM

2. ടെണ്ടർ സമർപ്പിക്കുന്നവർ 25.11.2021-ാം ~~ദിവസം~~ തിയ്യതി കാലത്ത് 11.00 ~~3~~ മണിക്ക് മുമ്പായി തിരിച്ചറിയൽ രേഖയുടെ പകർപ്പും കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ മാറാവുന്ന 5000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റോ, നഗരസഭ ഫണ്ടിൽ ഒടുക്കിയ രശീതിയോ സഹിതം വ്യക്തമായ നിരക്ക് രേഖപ്പെടുത്തി കവറിൽ ടെണ്ടർ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. കവറിന് പുറത്ത് ഫയൽ നമ്പറും ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിലെ മുറികളുടെ നമ്പർ/പേര് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. സമയപരിധി കഴിഞ്ഞ് കിട്ടുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
3. ലേലത്തിൽ പങ്കെടുക്കുന്നവർ ...25.11.2021.. തിയ്യതി...11.30 AM മണിക്ക് മുമ്പായി 5000/- രൂപ അടവാക്കി തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
4. ലേലം/ടെണ്ടർ നടപടികളിലൂടെ ലൈസൻസാവകാശം 3 വർഷത്തേക്കാണ് അനുവദിക്കുന്നത്. നിലവിലുള്ള അവസ്ഥയിലാണ് മുറികൾ ലേലം ചെയ്യുന്നത്. ലേലത്തിൽ പങ്കെടുക്കുന്നവർ ആയതിനു മുമ്പ് മുറി നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. വെള്ളം, വൈദ്യുതി കണക്ഷനുകൾ ഇല്ലാത്ത കെട്ടിടങ്ങൾക്ക്/മുറികൾക്ക് കണക്ഷൻ എടുക്കുന്നതിനാവശ്യമായ സാക്ഷ്യപത്രം നഗരസഭ നൽകുന്നതായിരിക്കും. എന്നാൽ കണക്ഷനുകൾ ലേലത്തിൽ ഏറ്റെടുക്കുന്നവരുടെ ചെലവിൽ എടുക്കേണ്ടതാണ്. ലേലം/ടെണ്ടർ കൗൺസിൽ

അംഗീകരിച്ച ശേഷം എന്തെങ്കിലും ന്യൂനതകൾ കാണിച്ചു കൊണ്ട് മുറി ഏറ്റെടുക്കാതിരുന്നാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയാകുന്നതല്ല. ലേലനിബന്ധനകൾ പാലിക്കുന്നില്ലെങ്കിൽ ഇ.എം.ഡി കണ്ടുകെട്ടി നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം/ടെണ്ടർ നടത്തുന്നതായിരിക്കും. നിലവിലുള്ള നിബന്ധകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് മുറികൾ ലേലം/ടെണ്ടർ ചെയ്യുന്നത്.

5. ഏറ്റവും കൂടുതൽ തുക ലേലം വിളിക്കുന്നവർക്കായിരിക്കും മുറി അനുവദിക്കുന്നത്.
6. 1ഉം 2ഉം സ്ഥാനക്കാരുടെതൊഴികെയുള്ള ഇ.എം.ഡി അന്നു തന്നെ തിരിച്ചു നൽകുന്നതുമാണ്. രണ്ടാം സ്ഥാനക്കാരന്റെ ലേല ഡെപ്പോസിറ്റ് തുക ഒന്നാം സ്ഥാനക്കാരൻ ഉടമ്പടി വെച്ചതിന് ശേഷം മാത്രമേ തിരിച്ചു നൽകുകയുള്ളൂ.
7. നിരതദ്രവ്യത്തിനുമേലോ ഡെപ്പോസിറ്റിൻമേലോ യാതൊരു പലിശയും നൽകുന്നതല്ല.
8. ലേലം/ടെണ്ടർ കൗൺസിൽ സ്ഥിരപ്പെടുത്തുന്ന പക്ഷം ലൈസൻസി കൗൺസിൽ അംഗീകരിച്ച ത്തുകയുടെ പന്ത്രണ്ടിരട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഓഫീസിൽ നിന്ന് ഉത്തരവു ലഭിച്ച് 7 ദിവസത്തിനകം അടവാക്കേണ്ടതും 200/-രൂപയുടെ മുദ്രപത്രത്തിൽ ഫോട്ടോ പതിച്ച് ഓഫീസിൽ നേരിട്ട് ഹാജരായി ഉടമ്പടി ഒപ്പിട്ടു സമർപ്പിക്കേണ്ടതുമാണ്. ഈ ലേലനോട്ടീസും കരാറിന്റെ ഭാഗമായി ചേർക്കുന്നതാണ്.. കൂടാതെ ഐഡന്റിറ്റി കാർഡിന്റെ അസ്സൽ പകർപ്പു കൂടി ഹാജരാക്കേണ്ടതാണ്. മേൽ പറഞ്ഞ സമയപരിധിക്കകം താക്കോൽ കൈപ്പറ്റി മുറി കോർപ്പറേഷൻ റവന്യൂ ഇൻസ്പെക്ടറിൽ നിന്ന് ഏറ്റെടുക്കേണ്ടതുമാണ്. യഥാസമയം മുറി ഏറ്റെടുത്തില്ലെങ്കിൽ ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതും, മറ്റൊരു അറിയിപ്പു കൂടാതെ മുറി പുനർലേലം/ടെണ്ടർ ചെയ്യുന്നതുമായിരിക്കും.
9. പ്രാബല്യത്തിലുള്ള നിയമാനുസൃത നികുതികൾ ലൈസൻസ് ഫീസിന് പുറമെ ലൈസൻസി അടവാക്കേണ്ടതാണ്.
10. ലേലം/ടെണ്ടർ അംഗീകരിക്കുന്നതിനും, യാതൊരു കാരണവും രേഖപ്പെടുത്താതെ നിരസിക്കുന്നതിനുള്ള അധികാരം നഗരസഭ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.
11. ലേലം/ടെണ്ടർ ദിവസം ആകസ്മികമായി അവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് ലേലം/ടെണ്ടർ നടത്തുന്നതാണ്.
12. വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജും ഇവയുടെ ഉപയോഗം മൂലമുണ്ടാകുന്ന അധിക ഡെപ്പോസിറ്റ് തുകയും ലൈസൻസികൾ തന്നെ അടവാക്കേണ്ടതാണ്.
13. ഇപ്രകാരം അടവാക്കാത്ത അധിക ഡെപ്പോസിറ്റ് തുക റീഫണ്ട് ചെയ്ത് നൽകുന്നതല്ല.

കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ചെറുവണ്ണൂർ മേഖലാ കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്.

ഡെപ്യൂട്ടി സെക്രട്ടറി
കോഴിക്കോട് നഗരസഭ

പകർപ്പ്:-കോർപ്പറേഷൻ ഓഫീസ് നോട്ടീസ് ബോർഡ്
മേഖലാകാര്യാലയങ്ങളിലെ നോട്ടീസ് ബോർഡ്
വെബ്സൈറ്റ്: http://kozhikodecorporation.lsgkerala.gov.in/en